'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ശ്രീ. വി. കലാധരൻ പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവ് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.881/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/04/2019**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 09.03.2017 ലെ ഇ -11 -3831/2010 നമ്പർ നടപടിക്രമങ്ങൾ

2 സ.ഉ.(സാധാ) നം.26/2018/തസ്വഭവ തീയതി 03.01.2018

3 സ.ഉ.(സാധാ) നം.2320/2018/തസ്വഭവ തീയതി 27.08.2018

4 28.6.2018ലെ പഞ്ചായത്ത് ഡയറക്ടറുടെഇ11-28073/16 നമ്പർ കത്തും ശ്രീ.വി.കലാധരന്റെ അപേക്ഷയും

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ശ്രീ. വി. കലാധരന് പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം നൽകുകയുണ്ടായി. ഈ ചുമതല ശ്രീ. വി. കലാധരൻ 13.03.2017 പൂർവ്വാഹ്നത്തിൽ ഏറ്റെടുക്കുകയും ശ്രീമതി.പി.ബി.ഉഷയെ പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം (2) പ്രകാരം നിയമിച്ചതിനെ തുടർന്ന് 04.01.2018 അപരാഹ്നത്തിൽ ചുമതലകൈമാറ്റം നടത്തിയിട്ടുള്ളതുമാണ്. തുടർന്ന് ശ്രീ. വി. കലാധരന് പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ പരാമർശം ( 3 ) പ്രകാരം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ പരാമർശം 4 കത്തിന്റെയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം ശ്രീ. വി. കലാധരന് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 13.03.2017 മുതൽ പരമാവധി 3 മാസകാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. വി. കലാധരൻ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, മണ്ണാർക്കാട് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
5. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. ധനകാര്യ വകുപ്പ് ( 07.01.2019 ലെ Dev-1/347/2018/Fin നമ്പർ അഭിപ്രായ പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ